**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1023** **18-09-2025 - ൽ മറുപടിയ്ക്ക്**

**വനഭൂമിയ്ക്ക് സമീപത്തുള്ള സ്വകാര്യ പട്ടയഭൂമിയിലെ ഫാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അപകടകരമായ വന്യജീവികൾ ഇല്ലാത്തതും വനഭൂമിയിൽ ലീസിന് നൽകിയിരിക്കുന്ന അക്കേഷ്യ, യൂക്കാലി, ആഞ്ഞിലി, ഓയിൽ പാം മുതലായ പ്ലാന്റേഷനുകൾക്ക് അകത്തോ, സമീപത്തോ വരുന്നതും വഴിസൗകര്യമുള്ളതും വൈദ്യുതി ലഭ്യമായതും ജനവാസയോഗ്യവുമായ സ്വകാര്യ പട്ടയഭൂമിയിൽ വളർത്ത് മൃഗങ്ങളെ പരിപാലിക്കുന്ന ഫാമുകൾ നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ പ്രത്യേക അനുമതി വാങ്ങണമെന്ന് നിയമമുണ്ടോ; എങ്കിൽ ഈ അനുമതി നൽകുന്നതിനുള്ള അധികാരി ആരാണെന്നും ഇതിനായുള്ള നിയമം ഏതാണെന്നും വ്യക്തമാക്കാമോ; | (എ) | ലീസിന് നൽകിയിട്ടുള്ള വനഭൂമിയിൽ പാട്ടകരാറിൽ പറഞ്ഞിരിക്കുന്ന പ്രവർത്തികൾ മാത്രമേ ചെയ്യുവാൻ അനുവാദമുള്ളൂ. വനഭൂമി പാട്ടത്തിനു നൽകുമ്പോൾ പാട്ട വ്യവസ്ഥ പ്രകാരമുള്ള കാര്യങ്ങളെ ചെയ്യുവാൻ പാടുള്ളൂ. മാത്രമല്ല വനഭൂമി എന്ന സ്റ്റാറ്റസ് മാറുന്നില്ല. പട്ടയം നൽകുമ്പോഴും പട്ടയവ്യവസ്ഥ പ്രകാരം മാത്രമേ ഭൂമി ഉപയോഗിക്കുവാൻ നിർവ്വാഹമുള്ളൂ. |
| (ബി) | വനഭൂമികൾക്ക് സമീപത്തുള്ള സ്വകാര്യ പട്ടയഭൂമികളിൽ വളർത്തുമൃഗ ഫാമുകൾ നടത്തുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ; അതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | വനഭൂമിക്ക് സമീപത്തുള്ള സ്വകാര്യ പട്ടയ ഭൂമിയിൽ വളർത്തുമൃഗഫാമുകൾ നടത്തുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടില്ല. |
| (സി) | വനഭൂമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ പട്ടയഭൂമിയിൽ ഫാമുകൾ നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് വനം വകുപ്പിന് ഈ വർഷം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ അപേക്ഷകളിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | വനഭൂമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ പട്ടയഭൂമിയിൽ ഫാമുകൾ നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | അപകടകരമായ വന്യജീവികൾ ഇല്ലാത്ത വനഭൂമിയുടെ സമീപത്തുള്ള സ്വകാര്യ പട്ടയഭൂമികളിൽ വളർത്തുമൃഗ ഫാമുകൾ നിർമ്മിക്കുന്നത് വനം വകുപ്പ് പ്രോത്സാഹിപ്പിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | അപകടകരമായ വന്യജീവികൾ ഇല്ലാത്ത വനഭൂമി എന്നത് തരം തിരിക്കുന്നത് പ്രായോഗികമല്ല. വന ഭൂമിയുടെ സമീപ പ്രദേശങ്ങളിൽ ഇത്തരം ഫാമുകൾ നടത്തുന്നത് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമാകുന്നതിനും കാരണമാകാം. ആയതിനാൽ ഇത്തരം പ്രവർത്തികൾ നിരുൽസാഹപ്പെടുത്തുന്നത് |

| | | | |
|---|---|---|---|
| | | | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സഹായിക്കും. |

സെക്ഷൻ ഓഫീസർ